## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 776 27.04.2017 -ൽ മറുപടിക്ക്

### ചിറ്റൂർ എംപ്ലോയബിലിറ്റി സെന്റർ

| ചോദ്യം<br>ശ്രീ. കെ.കൃഷ്ണൻകുട്ടി | | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ചിറ്റൂർ എംപ്ലോയബിലിറ്റി സെന്ററിന്റെ വികസനത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) | ചിറ്റൂർ കരിയർ ഡവലപ്പ്മെന്റ് സെന്ററിന്റെ സേവനം ഉദ്യോഗാർത്ഥികൾക്ക് നല്ല രീതിയിൽ ലഭ്യമാക്കുന്നതിനു വേണ്ടി റിസപ്ഷൻ ഏരിയ, കൗൺസിലിങ് റൂം, കമ്പ്യൂട്ടർ പരിശീലനത്തിനായി പ്രത്യേക സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ് റൂം, കരിയർ ലൈബ്രറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. |
| ബി) | യുവജനങ്ങൾക്കായി ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന പരിപാടികളെന്തെല്ലാം ; | ബി) | കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിങ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പ് എന്നിവയിലൂടെയും മത്സര പരീക്ഷ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനം കൊണ്ട് ലക്ഷ്യമിടുന്നത്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന പുതിയ കോഴ്സുകളെക്കുറിച്ചും തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ചും അറിവ് പകർന്നു നൽകുക, ഉദ്യോഗാർത്ഥിയുടെ സ്കിൽ, എബിലിറ്റി, ആപ്റ്റിറ്റ്യൂഡ് എന്നിവ ടെസ്റ്റ് ചെയ്ത് തൊഴിലിനുള്ള സ്വീകാര്യതയും, |

നിലവാരവും മനസ്സിലാക്കിക്കൊടുക്കുക, മൃദു നൈപുണ്യ പരിശീലനം നൽകി പ്രൊഫഷണൽ സമീപനം ഉള്ളവരാക്കി മാറ്റുക എന്നിവയും ടി സെന്ററുകൾ മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്നു.

**സി)** പ്രസ്തുത പദ്ധതിക്ക് മൊത്തം എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

**സി)** 2017-18 സാമ്പത്തിക വർഷം എട്ട് കോടി രൂപയാണ് കേരളത്തിലെ എംപ്ലോയബിലിറ്റി സെന്റർ/ സി.ഡി.സി. പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്.

**ഡി)** ടി സെന്ററിലേക്ക് കരാറടിസ്ഥാനത്തിൽ എത്ര തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും എത്ര പേർക്ക് സെന്റർ വഴി തൊഴിൽ നൽകുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

**ഡി)** ചിറ്റൂർ കരിയർ ഡെവലപ്പ് മെന്റ് സെന്ററിലേക്ക് അസിസ്റ്റന്റ് സെന്റർ മാനേജർ കം- കരിയർ കൗൺസിലർ, ഐ.ടി. ഓഫീസർ, ഫ്രണ്ട് ഓഫീസ് മാനേജർ, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകൾ കരാറടിസ്ഥാനത്തിൽ സൃഷ്ടിക്കണ മെന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങളും ആവശ്യമായ പരിശീലനവും നൽകുകയാണ് പ്രധാനമായും കരിയർ ഡെവലപ്പ് മെന്റ് സെന്ററുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ